# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ബി.പി.1/979/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.(ഉപരിപത്രം സഹിതം)
2. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
3. കാര്യാലയപകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ബി.പി.1/979/23 തീയ്യതി: 16/10/2023

## തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീജ .കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) ജോയിന്റ് ഡയറക്ടർ ഇൻചാർജ് | 19-06-2023 | 26-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-06-2023 | 26-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലക്ഷ്മി വി.എസ്.നായർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.പ്രീതജാസ്മിൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സുനിതാബാബു,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രിയദർശിനി എസ് ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.എസ്.കെ ബെൻഡാർവിൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സോളമൻ എസ് | സെക്രട്ടറി | 01-04-2022 | 04-01-2023 |
| ശ്രീ.ധീരജ് മാത്യു.ജെ.ജെ | സെക്രട്ടറി | 05-01-2023 | 21-02-2023 |
| ശ്രീ.സി .വിനോദ്കുമാർ | സെക്രട്ടറി | 22-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സോളമൻ.എസ് | സെക്രട്ടറി | 01-04-2022 | 04-01-2023 |
| ശ്രീ. ധീരജ് മാത്യു.ജെ.ജെ | സെക്രട്ടറി | 05-01-2023 | 21-02-2023 |
| ശ്രീ. സി.വിനോദ്കുമാർ | സെക്രട്ടറി | 22-02-2023 | 31-03-2023 |
| ശ്രീമതി.ഐറിൻ.ജി | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 01-04-2022 | 31-12-2022 |
| ശ്രീമതി .ചന്ദ്രലേഖ സി.എസ് | അസിസന്റ് ഡയറക്ടർ കൃഷി(ഇൻചാർജ്) | 01-01-2023 | 31-03-2023 |
| ശ്രീ.വിൻസന്റ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ജ്യോതിസ്.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 15-08-2022 |
| ശ്രീമതി.സൗമ്യ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ(അഡിഷണൽ ചാർജ്ജ്) | 16-08-2022 | 25-08-2022 |
| ശ്രീ.ജ്യോതിസ്.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 26-08-2022 | 11-10-2022 |
| ശ്രീമതി അമ്പിളി.കെ.എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 12-10-2022 | 22-11-2022 |
| ശ്രീമതി.മാലിനി.എസ്.സാം | അസിസ്റ്റന്റ് എഞ്ചിനീയർ | 22-11-2022 | 31-03-2023 |
| ശ്രീ.രാജേഷ് സി.ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രത്നബിന്ദു വി.ആർ | ശിശു വികസന ഓഫീസർ | 01-04-2022 | 21-12-2022 |
| ശ്രീമതി.മേരി പുഷ്പജയന്തി | ശിശു വികസന ഓഫീസർ | 22-12-2022 | 31-03-2023 |
| ഡോ.മണികണ്ഠൻ.എസ് | സീനിയർ വെറ്റിനറി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | സർജൻ | | |
| ശ്രീമതി ഷൈലജദേവി എ.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-05-2022 |
| ശ്രീ.ആർ.ജി ജയകുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-06-2022 | 31-03-2023 |
| ഡോ. മിനി സി.എസ്. | മെഡിക്കൽ ഓഫീസർ (CHC പൂവാർ) | 01-04-2022 | 31-03-2023 |
| ഡോ. സുരേഷ്കുമാർ സി. | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി പാറശാല | 01-04-2022 | 31-03-2023 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ അപാകത | 1-1-2 |
| 4 | ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെൻറ് ഹാജരാക്കിയില്ല. | 1-1-3 |
| 5 | ഗ്രാന്റ് ചെലവു തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ധനകാര്യ കമ്മിഷൻ ഗ്രാന്റ്- നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല. | 1-1-6 |
| 8 | വാർഷിക ധനകാര്യ പത്രിക - മറ്റ് അപാകതകൾ | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 16 | ക്ഷേമ പദ്ധതികൾ | 1-9 |
| 17 | വാടക കുടിശ്ശിക – ഈടാക്കുന്നതിന് നിയമ നടപടി സ്വീകരിക്കേണ്ടതാണ്. | 1-10 |
| 18 | കന്നുകുട്ടി പരിപാലനം വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല – ചെലവു തുക 30,00,000/- രൂപ തടസപ്പെടുത്തുന്നു | 1-11 |
| 19 | കാലിത്തീറ്റ വിതരണം- അധിക വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-12 |
| 20 | ബ്ളോക്ക് തല പുഷ്പകൃഷി - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-13 |
| 21 | പാലിയേറ്റീവ് കെയർ പദ്ധതി - 146,949/-രൂപയുടെ മരുന്ന് ലഭ്യമാകാനവശേഷിക്കുന്നു. | 1-14 |
| 22 | പട്ടികജാതി ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-15 |
| 23 | തോട്ടിൻകര കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല -445163രൂപ തടസ്സപ്പെടുത്തുന്നു | 1-16 |
| 24 | പി എം എ വൈ -ഗുണഭോക്താവിന് അധിക തുക നൽകി -112000/- രൂപ തടസ്സം ചെയ്യുന്നു. | 1-17 |

| | | |
|---|---|---|
| 25 | ലൈഫ് പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-18 |
| 26 | ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല. | 1-19 |
| 27 | ബ്ലോക്ക് തല യോഗ പരിശീലന കേന്ദ്രം - വിവിധ അപാകങ്ങൾ | 1-20 |
| 28 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 1500000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-21 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് സർചാർജ് നടപ്പടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 16.05.2023ലെ IV (1) -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 17.05.2023 ന് പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല

2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2( ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ അപാകത

Cash Flow Statement – ൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equalents മായി പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെൻറ് ഹാജരാക്കിയില്ല.

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറിലെ ഷെഡ്യൂളിലെ (I-17(a)) ഡിപ്രിസിയേഷൻ തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനായി ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

### 1-1-4 ഗ്രാന്റ് ചെലവു തുകകൾ പൊരുത്തപ്പെടുന്നില്ല

ഗ്രാന്റിനത്തിലെ ചെലവുതുകകൾ ACRലും വാർഷിക ധനകാര്യപത്രികയിലും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് ഇനം | അനുവദിച്ച തുക | എ സി ആർ പ്രകാരം ചെലവ് | അക്കൗണ്ട്സ് പ്രകാരം | എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 34413000/- | 26981210 | 26895074 | 26895074 | 86136 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 10240000/- | 9678024 | 9266776 | 9266776 | 411248 |

ഈ വ്യത്യാസം വരാൻ ഉള്ള സാഹചര്യം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.09/23 തീ.22/06/23) വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ പൂവിളി- ബ്ലോക്ക്തല പുഷ്പകൃഷി(44820/-), കോടങ്കര – വെളിത്തറ കുടിവെള്ള പദ്ധതി ( 13020/-) , സി.എച്ച്.സി.പൂവാർ - വാഹനം വാങ്ങൽ (28296/-) എന്നീ പ്രോജക്ടുകൾക്കും മെയിന്റനൻസ് ഫണ്ടിൽ നിന്നും വകയിരുത്തിയ വെറ്റിനറി പോളിക്ലിനിക്കിൽ ടോയ്‌ലെറ്റ് ( 346198/-) ,പാറശ്ശാല താലൂക്ക് ആശുപത്രിയിൽ മരുന്ന് വാങ്ങൽ (65050/-) എന്നീ പ്രോജക്ടുകൾക്കും സാംഖ്യ സോഫ്റ്റ്‌വെയറിൽ അലോട്ട്മെന്റ് നൽകിയിരുന്നെങ്കിലും 31.03.2023 ന് മുമ്പ് ട്രഷറിയിൽ നിന്നും ബിൽ പാസായിരുന്നില്ലായെന്ന് മറുപടി നൽകി.

## 1-1-5 ധനകാര്യ കമ്മിഷൻ ഗ്രാന്റ്- നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് - | വരവ് (AFS പ്രകാരം) | ചെലവ് (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 28,75,706 | 1,41,21,301 | 4392001 | 12605006 | |
| | | | | 11901016 (AFS പ്രകാരം) | 703990 |

യഥാർത്ഥ നീക്കിയിരിപ്പും AFS ലെ നീക്കിയിരിപ്പും തമ്മിൽ 703990/- രൂപയുടെ വ്യത്യാസം വരാൻ ഉണ്ടായ സാഹചര്യം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.17/23 തീ.26.06.23) എ.സി.ആർ പ്രകാരം ചെലവ് 5086342/- രൂപയാണെന്നും 2021-22 വർഷത്തെ സ്പിൽ വർക്കിന്റെ തുകയായ 9650/- രൂപയും ചേർത്ത് നീക്കിയിരിപ്പ് 11901016/- രൂപയാണെന്നും എ.സി.ആർ. ലുള്ള മൂന്ന് പ്രവർത്തികളിൽ തുക സുലേഖയിൽ ഉൾപ്പെടുത്താത്തതുകൊണ്ടാണെന്നും മറുപടി നൽകി. ഭാവിയിൽ എ.സി.ആർ – ഉള്ള എല്ലാ പ്രവർത്തികളും സുലേഖയിൽ ഉൾപ്പെടുത്താത്തതുകൊണ്ടാണെന്നും മറുപടി നൽകി. ആവശ്യമായ രേഖപ്പെടുത്തലുകൾ നൽകി വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പും ബാങ്ക് പാസ്ബുക്കിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുത്തേണ്ടതാണ്.

## 1-1-6 സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. വാർഷിക ധനകാര്യപത്രിക B-14 ഷെഡ്യൂൾ പ്രകാരം Stock In Hand (Inventories) 0 ആണ്.

## 1-1-7 വാർഷിക ധനകാര്യ പത്രിക - മറ്റ് അപാകതകൾ

1. ഗുണഭോക്തൃ വിഹിതിമായി ലഭിച്ച 274,150 രൂപ ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

2.സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി- 9

ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

3. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃവിഹിതമായ 26,650/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

4. ബാലൻസ് ഷീറ്റ് ബി-18 പ്രകാരം Other Advances ഇനത്തിൽ 17,61,089/-രൂപ ക്രമീകരിക്കാനവശേഷിക്കുന്നു.

ആയത് ക്രമീകരിക്കേണ്ടതാണ്.

5. സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 ഷെഡ്യൂളിൽ [Stock In Hand(Inventories)] -ൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 18/03/2022 ലെ 1 -ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 942878903/-രൂപയും പ്രതീക്ഷിത ചെലവ് 942692338 -രൂപയും നീക്കിയിരിപ്പ് 186565/- രൂപയുമാണ്. ബഡ്ജറ്റിലെ വരവു ചെലവു തുകകളും ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ അന്തരം നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | ബഡ്ജറ്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| പ്രതീക്ഷിത വരവ് | 942878903 | 64368616 |
| പ്രതീക്ഷിത ചെലവ് | 942692338 | 71913500 |

യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന ബഡ്ജറ്റ് തയ്യാറാക്കുന്നതിനും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 68,85,653/- |
| വരവ് | 8,48,73,343/- |
| ആകെ | 9,17,58,996/- |
| ചെലവ് | 7,81,54,236/- |
| നീക്കിയിരിപ്പ് | 1,36,04,760/- |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 34413000 | 34413000 | 26895074 | 751792 |
| വികസനഫണ്ട് എസ്.സി.പി | 0 | 16776000 | 16776000 | 13538250 | 323775 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 12330700 | 12330700 | 9266776 | 3063924 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | 0 * | 8552843 | 8552843 | 4392001 | 416084 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Basic Grant) | 0 ** | 5581613 | 5581613 | 0 | 5581613 |

* AFS പ്രകാരം ഈയിനത്തിൽ 6584672 രൂപ മുന്നിരിപ്പുണ്ട്.

** AFS പ്രകാരം ഈയിനത്തിൽ 5316344രൂപ മുന്നിരിപ്പുണ്ട്.

ഗ്രാന്റ് വിനിയോഗം- അപാകങ്ങൾ

I. B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. അവ വിനിയോഗിക്കാത്തതിന്റെ കാരണം വ്യക്തമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ്ഡ് കോഡ് | തുക |
|---|---|
| 320100102 | 106768 |
| 320100103 | 373565 |
| 320200111 | 6584672 |
| 320200112 | 5316344 |
| 320700208 | 4636355 |

ഗ്രാന്റ് തുകകൾ വിനിയോഗിച്ചുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും വിനിയോഗിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

2022-23ൽ ബ്ലോക്ക്പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 128 | 103405472 | 88 | 54118951 | 40 | 68.75 |

തൻ വർഷം നടപ്പാക്കുന്നതിന് 128പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 8 7എണ്ണം നടപ്പാക്കുകയും ചെയ്തു.ആകെ വകയിരുത്തിയ തുകയുടെ 67% തുകയാണ് ചെലവഴിച്ചത്.

40പദ്ധതികൾ നടപ്പാക്കാത്തതിൽ 8സ്പിൽ ഓവർ പദ്ധതികളും ഉൾപ്പെടുന്നു. സ്പിൽ ഓവർ ആയ വർഷം തന്നെ പദ്ധതി പൂർത്തീകരിക്കേണ്ടതാണെന്ന പദ്ധതി മാർഗ്ഗരേഖ നിർദേശം പാലിച്ചിട്ടില്ല.

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതി കൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 36 | 25 | 11 | 32618128 | 16882301 | 51.75% |
| അസി.എഞ്ചിനീയർ | 59 | 34 | 25 | 32328284 | 12316460 | 38.09% |
| ശിശു വികസന ഓഫീസർ | 3 | 3 | 0 | 3600000 | 3363091 | 93.41% |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 1 | 2 | 5400000 | 150000 | 33.3% |

| | | | | | | |
|---|---|---|---|---|---|---|
| സീനിയർ വെറ്റിനറി സർജ്ജൻ/ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 7 | 6 | 1 | 6400000 | 5600000 | 87.5% |
| പട്ടികജാതി വികസന ഓഫീസർ | 6 | 6 | - | 4895000 | 4570000 | 93.36% |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.പൂവ്വാർ. | 8 | 7 | 1 | 5099060 | 4844080 | 94.9% |
| സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | 3 | 3 | - | 5220000 | 5154950 | 100% |
| അസി.ഡയറക്ടർ, കൃഷി | 3 | 3 | - | 1548250 | 1238069 | 79.96% |

ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ, ആകെ 3 പദ്ധതികൾ അംഗീകരിച്ചതിൽ ഒരു പ്രോജക്ട് നടപ്പിലാക്കി പദ്ധതി അടങ്കലിന്റെ 33.3%ശതമാനം മാത്രമാണ് ചെലവഴിച്ചത്. പ്രാദേശിക അടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാധ്യതാ പഠനം നടത്തി ഭാവിയിൽ പുതിയ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തദ്ദേശാധികാരികൾ മുൻകൈയെടുക്കേണ്ടതാണ്.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.4.2023 | 2021-22 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ്ജനറലിന്റെ ഓഡിറ്റ് | 20.12.14മുതൽ 23.12.2014 | 1-12-2010മുതൽ 30.11.2014 വരെ | 27.12.2015 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

ഇല്ല

## 1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

- ബ്ലോക്ക് പഞ്ചായത്ത് ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആകയാൽ പഞ്ചായത്ത് ഈ സാമ്പത്തികവർഷവും, മുൻവർഷങ്ങളിലും സൃഷ്ടിച്ച ആസ്തികൾ സംബന്ധിച്ച് വ്യക്തതയില്ല.
- പദ്ധതി വിഹിതം വിനിയോഗിച്ച് ആസ്തി നിർമ്മാണം,മെയിന്റനൻസ് എന്നിവ നടപ്പാക്കുന്നുണ്ടെങ്കിലും തുടർസംരക്ഷണം ഉറപ്പാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല.
- പദ്ധതികളുടെ ലക്ഷ്യം/ആവശ്യകത എന്നിവ ചർച്ചചെയ്ത് ദീർഘവീക്ഷണത്തോടെ വാർഷിക പദ്ധതികൾ രൂപീകരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.
- കുടിവെള്ള പദ്ധതികളുടെ തുടർ പ്രവർത്തനം ഉറപ്പ് വരുത്തേണ്ടതാണ്.
- നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നടപ്പിലാക്കുന്നതിനൊപ്പം തുടർനിരീക്ഷണം നടത്തേണ്ടതാണ്.

## 1-9 ക്ഷേമ പദ്ധതികൾ

ഇല്ല.

## 1-10 വാടക കുടിശ്ശിക – ഈടാക്കുന്നതിന് നിയമ നടപടി സ്വീകരിക്കേണ്ടതാണ്.

ബ്ളോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട വാടകയ്ക്ക് കൊടുത്തിട്ടുള്ള ഏഴ് കടമുറികളിൽ റൂം നം. 3, പ്രസ് ക്ളബിന് വാടകയ്ക്ക് നൽകിയതിൽ 2019 ജൂലൈ മുതൽ നാളിതുവരെ വാടക കുടിശ്ശിക ലഭ്യമാകാനുണ്ട്. ആയതിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(11/22.6.2023) കുടിശ്ശിക അടവാക്കാൻ പല തവണ കത്ത് നൽകിയിട്ടും കുടിശ്ശിക അടവാക്കാനൊ, കരാർ പുതുക്കാനോ തയ്യാറായിട്ടില്ലാ എന്ന് മറുപടി നൽകി. പഞ്ചായത്തിൽ നിന്ന് കുടിശ്ശിക അടവാക്കാൻ പലതവണ കത്ത് നൽകിയിട്ടും മറുപടി പോലും ലഭ്യമാക്കാത്ത സാഹചര്യത്തിൽ നിയമ നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ടി സ്ഥാപനത്തെ ഒഴിപ്പിച്ച്, കുടിശ്ശിക ഈടാക്കി, താക്കോൽ തിരികെ വാങ്ങുകയോ, മുഴുവൻ കുടിശ്ശികയും ഈടാക്കി കരാർ പുതുക്കാനുള്ള നിയമ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങളിൽ നിന്ന് വാടക സമയ ബന്ധിതമായി പിരിച്ചെടുക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത്അധികൃതരും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11 കന്നുകുട്ടി പരിപാലനം വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല – ചെലവു തുക 30,00,000/- രൂപ തടസപ്പെടുത്തുന്നു

പ്രോജക്റ്റ് നം : 162/22-23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
അടങ്കൽ വികസന ഫണ്ട് (ജനറൽ) -3000000/-
മറ്റുള്ളവ – 3000000/-

ചെലവു തുക : 30,00,000/-രൂപ

നിർവഹണം : വെറ്റിനറി സർജൻ

ഫണ്ടിനം : വികസനഫണ്ട് (ജനറൽ)

| ക്രമ നം. | ബിൽ ബുക്ക് പ്രകാരമുള്ള ബിൽ നം. | തീയതി | തുക |
|---|---|---|---|
| 1 | 4/22-23 | 13/3/23 | 5,50,000/- |
| 2 | 5/22-23 | 14/3/23 | 9,87,500/- |
| 3 | 6/22-23 | 16/3/23 | 9,87,500/- |
| 4 | 7/22-23 | 18/3/23 | 4,75,000/- |

പാറശാല ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 പഞ്ചായത്തുകളിലെ ക്ഷീര കർഷകരുടെ 4 മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് 36 മാസം പ്രായമാകുന്നതുവരെ സബ്സിഡിയിനത്തിൽ കാലിത്തീറ്റ നൽകാനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രസ്തുത പദ്ധതി 19/01/2023 ലെ ജനറൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ച് 15/03/2023 ലാണ് ഉദ്ഘാടനം ചെയ്തിട്ടുള്ളത്. എസ്.എൽ.ബി.പി യ്ക്ക് തുക കൈമാറിയതും മാർച്ച് മാസത്തിലാണ്. ഒരു സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതി ആസൂത്രണം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നിർവഹിക്കേണ്ടതും ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി നടപ്പിലാക്കേണ്ടതുമാണ്. പദ്ധതി വൈകി നടപ്പിലാക്കിയതിനാൽ മെയ് 2023 മുതലാണ് കർഷകർക്ക് ആനുകൂല്യം ലഭ്യമായത്.

12500/- രൂപ വീതം 240 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമായിട്ടുള്ളത്. കാലിത്തീറ്റയുടെ വില വർദ്ധിച്ചതിനാലും ആയതിനനുസൃതമായി സബ്സിഡി വർദ്ധിപ്പിക്കാത്തതിനാലും പദ്ധതി വിഭാവനം ചെയ്യുന്നത്രയും കാലയളവിൽ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കാൻ കഴിയില്ല. ഇപ്പോഴത്തെ കാലിത്തീറ്റയുടെ വിലനിലവാരമനുസരിച്ച് 14 -15 മാസം വരെ മാത്രമെ സബ്സിഡി നൽകാൻ സാധ്യമാവുക എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം: 3 തിയതി 26/06/23) മറുപടി നൽകിയത്. പദ്ധതി നടത്തിപ്പിലെ ഇത്തരം വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് നിർവഹണോദ്യോഗസ്ഥർ പ്രാധാന്യം

നൽകേണ്ടതാണ്. കൂടാതെ പദ്ധതികൾ സാമ്പത്തിക വർഷാവസാനം വരെ വൈകിപ്പിച്ച് നടപ്പിലാക്കേണ്ടി വരുന്നത് ശരിയായ ആസൂത്രണത്തിന്റെ അഭാവമാണ്. ആയതിനാൽ പദ്ധതികൾ സർക്കാർ നിർദ്ദേശത്തിനനുസൃതമായി ആസൂത്രണം ചെയ്യുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

എസ്.എൽ.ബി.പി ഡയറക്ടർക്ക് കൈമാറിയ 30,00,000/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം, പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-12 കാലിത്തീറ്റ വിതരണം- അധിക വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം. S0142/23 കറവപശുക്കൾക്ക് കാലിത്തീറ്റ.

അടങ്കൽ - വികസനഫണ്ട് (പൊതുവിഭാഗം) - 600000

ഗുണഭോക്തൃവിഹിതം - 600000

ആകെ - 1200000/-

ചെലവ് - വികസനഫണ്ട് (പൊതുവിഭാഗം) - 600000

ഗുണഭോക്തൃവിഹിതം - 600485

ആകെ - 1200485/-

സംഘങ്ങൾ മുഖേന പാൽ അളക്കുന്ന ക്ഷീരകർഷകരുടെ കറവയുള്ള ഒരു പശുവിന് പ്രതിമാസം 100 കിലോ കാലിത്തീറ്റ നല്കുക വഴി പാലുല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. കാലിത്തീറ്റയുടെ 50% വില കർഷകർ സംഘങ്ങളിൽ അടവാക്കണം. പരമാവധി സബ്സിഡി തുക 10000/- രൂപയാണ്. കാലിത്തീറ്റ മിൽമ /കേരള ഫീഡ്സിൽ നിന്ന് നേരിട്ടുവാങ്ങുന്നതിനാണ് അനുമതി. പർച്ചേസ്, വിതരണം, സബ്സിഡി വിതരണം എന്നീ ഘട്ടങ്ങളിൽ മോണിട്ടറിംഗ് നടത്തേണ്ടതുമാണ്.

കേരള ഫീഡ്സിൽ നിന്നുമാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്.

തുക അടവാക്കിയതിന്റെ വിവരങ്ങൾ :-

പ്ലാൻ ഫണ്ട് - 600000/- (ട്രഷറി ബിൽ റഫ. നം. 2202056304700 1106213/28.1.23)

ഗുണ. വിഹിതം - 391690/- (അക്കൗണ്ട് നം. KFLTSRKGD020019/3.2.23 – SBI)

„ - 208795/- ( 67069939680/6.2.23 – SBI)

ആകെ - 1200485/-

ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ കത്തിന്റെയും 28.01.2023, 03.02.23 തീയതികളിലായി 991690/-(600000+391690) രൂപ അടവാക്കിയതിന്റെയും അടിസ്ഥാനത്തിൽ 04.02.23ൽ 524 എണ്ണവും 6.2.23 ലെ കത്തിന്റെയും 208795/-രൂപ അടവാക്കിയതിന്റെയും അടിസ്ഥാനത്തിൽ 9.2.23 ൽ 279 എണ്ണവുമായി ആകെ 803 ചാക്ക് കാലിത്തീറ്റ താഴെപ്പറയുന്ന സംഘങ്ങളിൽ കേരള ഫീഡ്സ് വിതരണം നടത്തിയിട്ടുണ്ട്.

| സംഘം (APCOS) | ഇൻവോയ്സ് നം. | വിതരണം നടത്തിയ | | ബിൽ തുക |
|---|---|---|---|---|
| | | തീയതി | കാലിത്തീറ്റയുടെ എണ്ണം | |
| കുഴിഞ്ഞാൺവിള രാജീവ്ജി | KFLPI-22-23-050060 | 04.02.2023 | 44 | 65,780 |
| മര്യാപുരം | 050059 | „ | 92 | 1,37,540 |
| കിഴക്കേ ചെങ്കൽ | 050062 | „ | 20 | 29,900 |
| കുന്നിക്കോട് | 050061 | „ | 98 | 1,46,510 |
| അയിര | 050058 | „ | 56 | 83,720 |
| കാരക്കോട് | 050068 | „ | 150 | 224250 |
| വടക്കേ പുത്തൻവീട് | 050064 | „ | 64 | 95680 |
| ഇടിച്ചക്കപ്ലാമൂട് | 050786 | 09.02.2023 | 279 | 417105 |
| ആകെ | | | 803 | 1200485 |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ 10.01.23 ൽ കേരള ഫീഡ്സിൽ നിന്നും ഒരു ഓഫർ ലെറ്റർ ആവശ്യപ്പെട്ടതനുസരിച്ച് 13.01.2023 ൽ കേരള ഫീഡ്സ് KFL/KPLY/349/18/141/23 നമ്പരായി ഓഫർ ലെറ്റർ നല്കിയിട്ടുണ്ട്. ആയതിലെ വ്യവസ്ഥ

1(i) പ്രകാരം കാലിത്തീറ്റയുടെ വില ഒരു ചാക്കിന് 1495/- രൂപ ആയിരിക്കും. 1(ii) പ്രകാരം കാലിത്തീറ്റ വിതരണം ചെയ്യുന്ന അവസരത്തിൽ അവയ്ക്ക് ബാധകമായ വിലക്കിഴിവ് ഈ പദ്ധതിക്ക് അനുവദിക്കുന്നതായിരിക്കും. 8(i) പ്രകാരം കാലിത്തീറ്റയുടെ ഇറക്ക് കൂലിയും മറ്റ് അനുബന്ധ ചെലവുകളും വഹിക്കുന്നതിന് ചാക്ക് ഒന്നിന് 30/- രൂപ നിരക്കിൽ കൈകാര്യ ചെലവ് നല്കുന്നതായിരിക്കും. 8(ii) പ്രകാരം കാലിത്തീറ്റയുടെ വില മുൻകൂറായി കമ്പനിയിൽ അടയ്ക്കുകയാണെങ്കിൽ അതിലേക്കുള്ള പ്രത്യേക ആനുകൂല്യമായി ചാക്ക് ഒന്നിന് 20/- രൂപ അധികമായി അനുവദിക്കുന്നതായിരിക്കും. ഈ തുകകൾ (30 + 20) പദ്ധതി പൂർത്തീകരിച്ചശേഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കും നല്കുക.

ഈ പദ്ധതി 09.02.2023 ൽ പൂർത്തീകരിച്ചിട്ടുള്ളതും മുൻകൂറായി തുക അടവാക്കിയിട്ടുള്ളതുമാണ്. പദ്ധതി പൂർത്തീകരിച്ചതിനുശേഷം മേൽ സൂചിപ്പിച്ച പ്രകാരം ലഭ്യമാകേണ്ട 40150/- (50x803) രൂപ ലഭ്യമായിട്ടുള്ളതായി കാണുന്നില്ല. തുക ലഭ്യമാക്കിയിട്ടുള്ള വിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (1/20.6.2023) കേരള ഫീഡ്സ് അധികമായി നൽകാമെന്ന് പറഞ്ഞിരിക്കുന്ന 40150/-രൂപ കാലിത്തീറ്റ ഇറക്കിയിട്ടുള്ള സംഘങ്ങളുടെ അക്കൌണ്ടിലേക്ക് ആണ് നൽകുന്നതെന്നും ആയത് ഇതുവരെ കേരള ഫീഡ്സ് ലഭ്യമാക്കിയിട്ടില്ലായെന്നും, ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്റെ വിവരം അറിയിക്കുന്നതാണെന്നും മറുപടി നൽകി. കേരള ഫീഡ്സിൽ നിന്നും തുക ലഭ്യമാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കാവുന്നതാണ്.

## 1-13 ബ്ളോക്ക് തല പുഷ്പകൃഷി - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

പ്രോജക്ട് നം-S0081/23

പ്രോജക്ടിന്റെ പേര്- പൂവിളി ബ്ലോക്ക് തല പുഷ്പകൃഷി തുടർപ്രവർത്തനം

അടങ്കൽ -498000/-(പൊതുവിഭാഗം)

ചെലവ് -1,89,240/- (പൊതുവിഭാഗം)

ബിൽ നം/ തിയതി-PA2/2022-23 ,27/3/23

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)

കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ ഗ്രൂപ്പുകൾ, വനിതാ ഗ്രൂപ്പുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, വനിതാ സാമൂഹിക സംഘടനകൾ എന്നിവർക്ക് ചെടി പല നഴ്സറികളിൽ നിന്നും ചെടികൾ വാങ്ങുന്നതിന് ഒരു യൂണിറ്റിന് 125 വെട്ടുപൂക്കളുടെ ചെടികൾക്ക് 4980/- രൂപ നിരക്കിൽ നൽകുന്ന രീതിയിലുള്ള പ്രൊജക്റ്റ് ആണ് വിഭാവനം ചെയ്തിരുന്നത്. ഫയൽ പരിശോധിച്ചതിൽ നിന്നും ഏഴ് പുഷ്പകൃഷി ഗ്രൂപ്പുകൾക്ക് അനുവദിച്ച തുകയും ചെടികളുടെ യൂണിറ്റ് വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രൂപ്പിന്റെ പേര് | വാങ്ങിയ ചെടികളുടെ യൂണിറ്റ് (1യൂണിറ്റ് = 125 ചെടികൾ) | അനുവദിച്ച തുക |
|---|---|---|---|
| 1 | തളിർ പുഷ്പകൃഷിക്കൂട്ടം | 2 | 9960/- |
| 2 | അഗ്രിമ പുഷ്പകൃഷിക്കൂട്ടം | 2 | 9960/- |
| 3 | നിറ പുഷ്പകൃഷിക്കൂട്ടം | 4 | 19920/- |
| 4 | വെണ്മ പുഷ്പകൃഷിക്കൂട്ടം | 8 | 3980/- |
| 5 | നിറവ് പുഷ്പകൃഷിക്കൂട്ടം | 6 | 20880/- |
| 6 | ഹരിത പുഷ്പകൃഷിക്കൂട്ടം | 4 | 19920/- |
| 7 | തിരുപുറം പുഷ്പസംഘം | 12 | 59760/- |
| ആകെ തുക | | | 189240/- |

പദ്ധതിയുമായി ബന്ധപ്പെട്ട് 24/6/2023 തീയതിയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ നിറവ് പുഷ്പകൃഷി കൂട്ടത്തിലെ അംഗമായ ലീല ജയിംസിന്റെയും പൂവിളി പുഷ്പകൃഷി കൂട്ടത്തിലെ അംഗമായ പുഷ്പമേരിയുടെയും വീട്ടിൽ സന്ദർശനം നടത്തിയപ്പോൾ നല്ല രീതിയിൽ ഓർക്കിഡ്, ആന്തൂറിയം ചെടികൾ നട്ട് പരിപാലിച്ച പോരുന്നുണ്ട്. എന്നാലവ രണ്ട് മൂന്ന് വർഷങ്ങൾക്ക് മുന്നേ പല സ്ഥലങ്ങളിൽ നിന്ന് വാങ്ങി നട്ട് പരിപാലിച്ച പോരുന്നവയാണ്. വാണിജ്യാടിസ്ഥാനത്തിൽ അവിടെ ചെടികൾ വിൽപ്പന നടത്തുന്നില്ല. ഗ്രൂപ്പുകളിലെ രണ്ടും മൂന്നും മെമ്പേഴ്സ് ഒരേ വീട്ടിലുള്ളതായതിനാൽ, പൂകൃഷി എന്ന രീതിയിൽ ചെടികൾ പരിപാലിക്കുന്നവർ രണ്ടോ മൂന്നോ അംഗങ്ങൾ മാത്രമാണ്. അങ്ങനെയെങ്കിൽ പുഷ്പകൃഷിക്കൂട്ടത്തിന്റെ ജോയിന്റ് അക്കൌണ്ടിൽ ലഭ്യമായ തുക എങ്ങനെ ചെലവാക്കിയെന്ന് ഓഡിറ്റിന് വ്യക്തമല്ല. സബ്സിഡി തുക ഓരോ അംഗങ്ങൾക്കും എത്ര വീതം ലഭ്യമായി എന്നതിന്റെ കൃത്യത വ്യക്തമല്ല. ടി പദ്ധതിയിലൂടെ ഒരാൾക്ക് പുതിയതായി തൊഴിൽ ലഭ്യമാവുകയോ തൊഴിൽ സംരംഭം ഉണ്ടാവുകയോ ചെയ്തിട്ടില്ല. ഒന്ന് രണ്ട് വർഷങ്ങൾക്ക് മുന്നേ ഓർക്കിഡ് ആന്തൂറിയം ചെടികൾ നട്ട് പരിപാലിച്ചിരുന്നവർക്ക് പ്രോൽസാഹനമായി കുറച്ച് കാശ് നൽകി എന്നതിനപ്പുറം ടി പദ്ധതി കൊണ്ട് മറ്റ് പ്രയോജനം ഒന്നും ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

കൃഷിയുടെ വികസനത്തിനും അതിലൂടെ സാമ്പത്തിക ഉന്നമനത്തിനും പ്രയോജനപ്പെടുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. ഓഡിറ്റ് എൻക്വയറി നം 8/22.6.2023.

## 1-14 പാലിയേറ്റീവ് കെയർ പദ്ധതി - 146,949/-രൂപയുടെ മരുന്ന് ലഭ്യമാകാനവശേഷിക്കുന്നു.

പ്രോജക്ട് നം : 62/22-23

ചെലവ് :12,20,000/- സെക്കന്ററി സാന്ത്വന പരിപാലനം പാറശാല ആശുപത്രി

ഫണ്ട് : വികസനഫണ്ട് (ജനറൽ )

നിർവഹണം : മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി, പാറശ്ശാല)

ബിൽ റഫറൻസ് നം :

1) 22020563046800958733 (209755/- രൂപ. തിയതി :26/12/2022)

2)22020563046800975187 (375303/- രൂപ. തിയതി :29/12/2022)

3) 22020563046801011986 (111728/- രൂപ. തിയതി :07/01/2023)

4)22020563046801219688 (429413/- രൂപ. തിയതി :21/02/2023)

5)22020563046801366705 (93002-/- രൂപ. തിയതി :16/03/2023)

6)22020563046801393962 (799/- രൂപ. തിയതി :17/03/2023)

പാലിയേറ്റീവ് കെയർ പദ്ധതിക്കായി മരുന്നു വാങ്ങുന്നതിന് കാരുണ്യ, ഇൻ ഹൗസ് ഡ്രഗ് ഹൗസ് എന്നീ സ്ഥാപനങ്ങളിലായി 1220,000/- രൂപ നൽകിയിട്ടുണ്ട്. ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പ്രകാരം ഇൻ ഹൗസ് ഡ്രഗ് ഹൗസിന് നൽകിയ 93002-/- രൂപയ്ക്ക് മരുന്നു ലഭ്യമായിട്ടില്ല. കാരുണ്യയിൽ നിന്നും 53947/- രൂപയുടെ മരുന്ന് ലഭ്യമാകാനവശേഷിക്കുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19, തീയതി :26/06/2023) കമ്പനികളോട് മരുന്ന് ലഭ്യമാക്കുന്നതിന് നേരിട്ട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. ശേഷിക്കുന്ന 146,949/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാത്തതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലഭ്യമാകാനവശേഷിക്കുന്ന 146,949/- രൂപയുടെ മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്റെ രേഖകളും സ്റ്റോക്കിൽ ഉൾപ്പെടുത്തിയ രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-15 പട്ടികജാതി ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം : 98/22-23 പട്ടികജാതി ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ

ചെലവ് : 475000/-

ഫണ്ട് : വികസനഫണ്ട് (എസ്.സി.പി)

നിർവഹണം - പട്ടികജാതി വികസന ഓഫീസർ

ബിൽ റഫറൻസ് നം :

1) 22020563046701470395 (234450/- രൂപ. തിയതി :25/03/2023)

2)22020563046701459502 (240550/- രൂപ. തിയതി :24/03/2023)

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിലെ പട്ടികജാതി വിഭാഗത്തിലുള്ള 5 അംഗങ്ങളെങ്കിലും ഉൾപ്പെടുന്ന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്.

A) ഗ്രൂപ്പുകളെ തെരഞ്ഞെടുത്തപ്പോൾ ബ്ലോക്കിന്റെ പരിധിയിൽ വരുന്ന എല്ലാ പഞ്ചായത്തിനും പ്രാധാന്യം കൊടുത്തിട്ടില്ല. ഗ്രൂപ്പുകളുടെ പേരു വിവരം ലഭ്യമാക്കിയെങ്കിലും കാരോട്, കുളത്തൂർ ,പൂവാർ എന്നീ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടില്ല.

B) ഗ്രൂപ്പുകൾ വാദ്യോപകരണങ്ങൾ ആവശ്യപ്പെട്ടു നൽകിയ കത്തിൽ ഗ്രൂപ്പിന്റെ പ്രസിഡന്റോ, സെക്രട്ടറിയോ ഒപ്പിട്ടിട്ടില്ല. കൈപ്പറ്റിയ രസീതിലും ,ഗ്രൂപ്പിന്റെ സീൽ, സെക്രട്ടറി , പ്രസിഡന്റ് എന്നിവരുടെ സാക്ഷ്യപ്പെടുത്തൽ എന്നിവ ഇല്ല.

വാദ്യോപകരണങ്ങൾ വിതരണം ചെയ്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | ഗ്രൂപ്പുകളുടെ പേര് | ആവശ്യപ്പെട്ട | ഗ്രൂപ്പുകൾക്ക് | വില(ഒരെണ്ണം) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | വാദ്യോപകരണങ്ങൾ | നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്ന വാദ്യോപകരണങ്ങൾ | (ജി.എസ്.റ്റി ഉൾപ്പെടുത്താതെ) |
| തിരുപുറം | യുവ ക്ലബ് | ചെണ്ട<br>ഡ്രം സെറ്റ്<br>റിഥംപാഡ്<br>കീബോർഡ്<br>ഫ്ലൂട്ട്<br>വയലിൻ | ചെണ്ട – 2 –<br>ഡ്രംസെറ്റ് - 1<br>വീക്ക് - 1<br>താളം -1<br>ഫ്ലൂട്ട് - 3<br>വയലിൻ - 1<br>ബേസ് ഡ്രം - 1 | ചെണ്ട-15500<br>ഡ്രംസെറ്റ്- 36900<br>വീക്ക്-15975<br>താളം- 5500<br>ഫ്ലൂട്ട്- 1000<br>വയലിൻ - 8500<br>ബേസ് ഡ്രം- 4500<br>റിഥംസെറ്റ് -40500<br>ക്ലാപ്പ് ബോക്സ്-11000<br>കീ ബോർഡ് -31500<br>ഗിറ്റാർ - 8500<br>സൈഡ് ഡ്രം - 3500<br>നാസിക് ധോൾ(വലുത്) - 4000<br>നാസിക്ധോൾ(ചെറുത്) - 3500 |
| ചെങ്കൽ | സാനന്ദ യൂത്ത് ക്ലബ് | അക്വസ്റ്റിക് ഡ്രം<br>റിഥം കമ്പോസർ<br>കീബോർഡ്<br>ഗിത്താർ<br>തബല<br>തവിൽ<br>ക്ലാപ്പ് ബോക്സ് | ഡ്രംസെറ്റ് - 1<br>റിഥംസെറ്റ് - 1<br>ക്ലാപ്പ് ബോക്സ് - 1 | |
| | വി.കെ ശ്രീകുമാർ ഫൗണ്ടേഷൻ | ചെണ്ട - 6<br>വീക്ക് - 5<br>ട്യൂണർ - 3<br>ഇലതാളം - 5<br>വയലിൻ - 1 | ചെണ്ട - 3<br>വീക്ക് - 2<br>താളം - 3 | |
| പാറശാല | ഫ്രണ്ട്സ് പുരുഷ സ്വയം സഹായ സംഘം | കീ ബോർഡ് -1<br>വയലിൻ - 1<br>ഗിറ്റാർ - 1<br>ഫ്ലൂട്ട് - 2<br>ഡ്രം സെറ്റ് -1<br>സൈഡ് ഡ്രം - 1<br>റിഥം പാഡ് -<br>ബേസ് ഡ്രം - 1<br>ബാൻഡ് - 1 | കീ ബോർഡ് -1<br>വയലിൻ - 1<br>ഗിറ്റാർ - 1<br>സൈഡ് ഡ്രം - 1<br>നാസിക് ധോൾ(വലുത്) - 4<br>നാസിക്ധോൾ(ചെറുത്) - 3<br>ചെണ്ട - 1 | |
| | മൈലേന്തിക്കാവ് ശിങ്കാരിമേളം | ചെണ്ട – 10<br>വീക്ക് - 10<br>കൈത്താളം - 10<br>കച്ച - 20 | ചെണ്ട - 5<br>താളം - 4 | |

C) യുവ ക്ലബ് ന് രണ്ട് ചെണ്ട നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഒരു ചെണ്ടയാണ് നൽകിയിട്ടുള്ളതെന്നാണ് ക്ലബ് സെക്രട്ടറി ഫോൺ മുഖാന്തിരം അറിയിച്ചത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 13 തീയതി : 22-06-23) മറുപടി ലഭ്യമാക്കിയില്ല. വി.കെ ശ്രീകുമാർ ഫൗണ്ടേഷന് മൂന്നു ചെണ്ട നൽകുന്നതിനു പകരം നാലു ചെണ്ട നൽകിയതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും ആയത് ഉടനെ തിരികെ വാങ്ങി നൽകാമെന്നുമാണ് എസ്.സി പ്രമോട്ടർ അറിയിച്ചത്. ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നതു പ്രകാരമുള്ള ചെണ്ട യുവ

ക്ലബിനു കൈമാറി വിവരം അറിയിക്കേണ്ടതാണ്.

## 1-16 തോട്ടിൻകര കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല -445163രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര്- തോട്ടിൻകര കുടിവെള്ള പദ്ധതി

പ്രോജക്ട് നമ്പർ - S0011/23

അടങ്കൽ തുക - 595000/- രൂപ

ചെലവ് തുക - 445123/-രൂപ (ബിൽ നം.247/15.3.2023)

കരാറുകാരൻ - വിജയൻ എസ്

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 15 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മേൽ കുടിവെള്ള പദ്ധതി വിഭാവനം ചെയ്തത്. ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള നഴ്സറി സ്കൂൾ കോമ്പൗണ്ടിലാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കിണർ, വാട്ടർടാങ്ക് എന്നിവ സ്ഥിതിചെയ്യുന്നത്. 24.6.2023 ൽ ഓഡിറ്റിന്റെ ഭാഗമായി അസി. എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ, മേൽ പദ്ധതി പ്രകാരം കുടിവെള്ളം ലഭ്യമാകുന്നില്ല എന്ന് ഗുണഭോക്താക്കളിൽ നിന്നും അറിയാൻ സാധിച്ചു. പദ്ധതിയ്ക്കായി തിരഞ്ഞെടുത്ത കിണർ നഴ്സറിസ്കൂൾ കോംമ്പൗണ്ടിലാണ്.കിണറിലെ വെള്ളം സ്കൂൾ ഉപയോഗത്തിന് മാത്രമേ മതിയാവുകയുള്ളൂയെന്നും, ടാങ്കിൽ പമ്പ് ചെയ്ത് കയറ്റുന്നതിന് ആവശ്യമായ ജലം കിണറിൽ ലഭ്യമല്ലാ എന്ന കാരണം പറഞ്ഞ് സ്കൂൾ അധികൃതർ കുടിവെള്ളം ലഭ്യമാക്കുന്നതിന് തടസ്സം നില്ക്കുന്നു എന്നും, ഈ വിവരം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതായും ഗുണഭോക്താക്കൾ അറിയിച്ചു. എന്നാൽ ഓഡിറ്റ് ടീം നഴ്സറി സ്കൂൾ അധികൃതരുമായി ഫോൺ മുഖാന്തിരം അന്വേഷിച്ചതിൽ, പ്രസ്തുത പദ്ധതി ആവിഷ്കരണവേളയിൽ തന്നെ പദ്ധതിയ്ക്ക് ആവശ്യമായ കുടിവെള്ളം നഴ്സറി സ്കൂൾ പരിസരത്തെ കിണറിൽ നിന്നും ലഭ്യമാകില്ലായെന്ന് കാണിച്ച് ചെങ്കൽ പഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും കത്ത് നല്കിയിട്ടുള്ളതായും നിലവിൽ കിണറിലെ വെള്ളത്തിന് ദൗർലഭ്യമുള്ളതിനാൽ സ്കൂൾ ആവശ്യത്തിന് പോലും മതിവരാത്ത സാഹര്യമാണുള്ളതെന്നും അറിയിച്ചു. ആയതിനാലാണ് കുടിവെള്ളം പമ്പ് ചെയ്യാൻ സാധിക്കാത്തത് എന്ന വിവരവും അറിയിച്ചിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.22 ന്റെ മറുപടിയിൽ ധാരാളം വെള്ളം ലഭിക്കുന്ന കിണർ ആണെന്നും വെള്ളം പമ്പ് ചെയ്ത് ടാങ്കിൽ കയറ്റുന്നതിന് നഴ്സറിസ്കൂൾ അധികൃതർ തടസ്സം നില്ക്കുന്നതിനാലാണ് കുടിവെള്ളം ലഭ്യമാകാത്തത് എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ രേഖപ്പെടുത്തിയിരിക്കുന്നത്.

പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ).നം84/2022/തസ്വഭവ/19.4.2022 ഖണ്ഡിക 8.1(ബി) 17, 25 എന്നിവ ജലലഭ്യത ഉറപ്പുവരുത്തി വിദഗ്ധരെ കൊണ്ട് സാക്ഷ്യപ്പെടുത്തി ജലസ്രോതസ് തീരുമാനിച്ചതിന് ശേഷം മാത്രമെ കുടിവെള്ള പ്രോജക്ടുകൾ നടപ്പിലാക്കാവൂയെന്നും, തുടർനടത്തിപ്പും സംരക്ഷണവും പരിപാലനവും ഗുണഭോക്തൃസമിതികളുടെ ചുമതലയായി പ്രോജക്റ്റിൽ വ്യവസ്ഥ വെക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയലിൽ, മേൽ പദ്ധതിയുടെ തുടർനടത്തിപ്പും സംരക്ഷണവും കരാർ വച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ചതിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റേയും വിശദാംശങ്ങൾ ലഭ്യമല്ല.മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന രീതിയിൽ ജലലഭ്യത ഉറപ്പുവരുത്താതെയും തുടർ നിരീക്ഷണത്തിന്റെ അഭാവത്തിലും പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.പദ്ധതിപ്രകാരം കുടിവെള്ള ലഭ്യത ഗുണഭോക്താക്കൾക്ക് ഉറപ്പ് വരുത്തി മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതും ഭാവിയിൽ കുടിവെള്ള പ്രോജക്ടുകൾ ആവിഷ്ക്കരിക്കുമ്പോൾ ഗുണഭോക്തൃസമിതികളുമായി കരാറുണ്ടാക്കി പദ്ധതികളുടെ തുടർ നടത്തിപ്പും, സംരക്ഷണവും ഉറപ്പാക്കേണ്ടതുമാണ്.

## 1-17 പി എം എ വൈ -ഗുണഭോക്താവിന് അധിക തുക നൽകി -112000/- രൂപ തടസ്സം ചെയ്യുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 19/22-23 |
| പ്രോജക്ടിന്റെ പേര് | PMAY – അധിക വിഹിതം (ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | 2600000/-(വികസന ഫണ്ട്)<br>2600000/- (മറ്റ് ഗ്രാമപഞ്ചായത്ത്) |
| ചെലവായ തുക | 2600000/- |

| | |
|---|---|
| ബിൽ റഫറൻസ് നമ്പർ | 22020563047401134269 ( 112000/-) Bill No.7/25.5.2022 |
| | 22020563047401134285 ( 224000/-)Bill No.39/28.9.22 |

പ്രധാൻ മന്ത്രി ആവാസ് യോജന പ്രകാരം അധിക വിഹിതം നൽകുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് തുക അനുവദിച്ചപ്പോൾ ക്ലറിക്കൽ മിസ്റ്റേക്ക് മൂലം ഗുണഭോക്താവായ ശ്രീമതി. പ്രഭാവതി.എസ്-ന്റെ അക്കൗണ്ടിൽ അധിക തുക (112000/-) നൽകിയിരിക്കുന്നു. 112000/- രൂപയാണ് യഥാർത്ഥത്തിൽ നൽകേണ്ടിയിരുന്നത്. പകരം രണ്ടു പ്രാവശ്യമായി 224000/- രൂപ ടിയാരിയുടെ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. മറ്റൊരു ഗുണഭോക്താവായ ശ്രീമതി. റീനാ ദീപത്തിന് നൽകേണ്ട തുകയാണ് ക്ലറിക്കൽ മിസ്റ്റേക്ക് മൂലം ശ്രീമതി പ്രഭാവതി. എസ് -ന്റെ അക്കൗണ്ടിലേയ്ക്ക് തുക മാറി അനുവദിച്ചത്. അധികം നൽകിയ തുക ശ്രീമതി. റീനാ ദീപത്തിന് കൈമാറിയെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/23 തീ.26.03.23)ന് മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 ലൈഫ് പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവായ തുക |
|---|---|---|---|---|
| 1 | 25/22-23 | ലൈഫ് പദ്ധതി - എസ്.സി.പി | 2000000/-(വികസന ഫണ്ട് -എസ്.സി.പി) | 2000000/- |
| 2 | 131/22-23 | ന്യൂ ലൈഫ് - എസ്.സി.പി | 120000/-(വികസന ഫണ്ട് -എസ്.സി.പി) | 120000/- |
| | | | | |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായിട്ടുള്ള മേൽ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും ബ്ലോക്ക് വിഹിതം നൽകിയ പഞ്ചായത്തുകളുടെ വിവരമോ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറിക്ക് ( നം. 24/2023 തീ. 26.06.23) മറുപടി ലഭ്യമാക്കിയില്ല. വിഹിതം നൽകിയ പഞ്ചായത്തുകളുടെ വിവരവും, വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 1-19 ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ ഉത്തരവ് (ആർ റ്റി) 166/2017 എൽ.എസ്.ജി.ഡി തീയതി 20-1-2017 പ്രകാരം നിലവിൽ വന്നിട്ടുണ്ട് . ടി ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിതിന്റെയോ യോഗം ചേരുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ആസ്തികളുടെ പ്രതിമാസ,അർദ്ധവർഷ,വാർഷിക അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിരുന്നില്ല. കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിരുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ലായെന്ന് കാണുന്നു. ആസ്തി പരിപാലനത്തിനായി സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.ആസ്തി രജിസ്റ്റർ പരിപാലിക്കുന്നത് സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 ബ്ലോക്ക് തല യോഗ പരിശീലന കേന്ദ്രം - വിവിധ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 72/22-23 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബ്ലോക്ക് തല യോഗ പരിശീലന കേന്ദ്രം |
| അടങ്കൽ | 100000 രൂപ |
| ചെലവ് | 56610 രൂപ |
| ബിൽ നമ്പർ | 43/22-23 (27200 രൂപ)<br>44/22-23 (29410 രൂപ) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.115/2022/LSGD തീയതി 28-05-2022) 7.6.5 പ്രകാരം വനിതകൾ. കുട്ടികൾ, വയോജനങ്ങൾ എന്നിവർക്ക് ആയുഷുമായി ചേർന്ന് യോഗാപരിശീലനം നൽകാവുന്നതാണ്. ഒരു സെഷന് 400 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 12,000 രൂപ പരിശീലകന് നൽകാവുന്നതാണ്. അംഗീകൃത സർവ്വകലാശാലയിൽ നിന്ന് BNYS (Bachelor Of Naturopathy And Yoge Sciences) - ബിരുദമോ തത്തുല്യ യോഗ്യതയുള്ളവരെയും യോഗ കൗൺസിലിന്റെ അംഗീകാരം ഉള്ളവരെയും യോഗ പരിശീലകരായി നിയോഗിക്കാവുന്നതാണ് എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്എന്ന് നികർഷിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട്ഫയൽ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലിൽ പ്രൊജക്റ്റ് രൂപീകരണ ഫോറം (3) സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയലിൽ പ്രൊജക്റ്റ് രൂപീകരണ ഫോറം (3) സൂക്ഷിച്ചിട്ടില്ല ആയതിനാൽ പദ്ധതി ലക്ഷ്യങ്ങൾ, ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ,പ്രവർത്തനങ്ങളുടെയും ചെലവുകളുടെയും വിശദാംശങ്ങൾ, എന്നിവ വ്യക്തമല്ല.

2)വനിതകൾ. കുട്ടികൾ, വയോജനങ്ങൾ എന്നിവർക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ യോഗാപരിശീലനം നടത്തുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യം .എന്നാൽ ആർക്കൊക്കെ പരിശീലനം ലഭിച്ചു എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തതയില്ല.അഭിമുഖം വഴി തെരഞ്ഞെടുത്ത രണ്ടു പരിശീലകരുടെ രണ്ടു മാസത്തെ ഹാജർ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും, പരിശീലനാർത്ഥികളുടെ പേരുകൾ,എണ്ണം, ഹാജർ തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.

3) ബിൽ നമ്പർ 44/2022-23 മുഖേന 29410/- രൂപ ചെലവഴിച്ച് യോഗ പരിശീലനത്തിനായി 40 യോഗ മാറ്റുകൾ വാങ്ങിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

4) നോട്ട് ഫയൽ, ബിൽ എന്നിവ പ്രകാരം അകെ 68 സെഷനുകൾക്ക് വേതനം നൽകിയിട്ടുണ്ടെങ്കിലും (68 X 400 =27200 രൂപ). പരിശീലകരുടെ ഹാജർ രജിസ്റ്റർ പകർപ്പ് പ്രകാരം 62 സെഷനുകളിലാണ് പരിശീലനം നടന്നിട്ടുള്ളത് .ഇതിൽ ശനി ഞായർ ദിവസങ്ങളിലും ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട് (29.01.2023, 28.01.2022, 04.02.2023) . ഭരണ സമിതിയുടെ 09/02/2023 ലെ IV(2) നമ്പർ തീരുമാനപ്രകാരം തിങ്കൾ മുതൽ വെള്ളി വരെ ദിവസ്സങ്ങളിൽ 4.30 മുതൽ 5.30 വരെ പരിശീലനം നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്.

5)ജനവരി മാസത്തിൽ ആരംഭിച്ച പരിശീലനം(19.01.2023) ഫെബ്രുവരിയോടെ അവസാനിച്ച പരിശീലനത്തിന്റെ തുടർച്ച സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2 /20.06.2023നു മറുപടി ലഭ്യമാക്കിയിട്ടില്ല.

പരിശീലനത്തിൽ പങ്കെടുത്ത വ്യക്തികളുടെ ഹാജർ സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമാക്കേണ്ടതുണ്ട്.യോഗ മാറ്റുകൾ സ്റ്റോക്കിൽ എടുത്ത് മറ്റ് അപാകങ്ങളും പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 1500000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 66/2022-23 |
| പ്രോജക്ടിന്റെ പേര് | വയോമിത്രം – സാമൂഹ്യ സുരക്ഷാ മിഷനു തുക കൈമാറൽ |
| അടങ്കൽ | 1000000 രൂപ |
| ചെലവ് | 1000000 രൂപ |
| ബിൽ നമ്പർ | 11/2022-23 - 01.10.2022 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വയോമിത്രം പദ്ധതിയുടെ ഭാഗമായി സാമൂഹ്യ സുരക്ഷാ മിഷന 1000000 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | 129/2022-23 |
| പ്രോജക്ടിന്റെ പേര് | ഡി.പി.സി സെക്രട്ടറിയേറ്റ് – ബ്ലോക്ക് വിഹിതം |
| അടങ്കൽ | 500000 രൂപ |
| ചെലവ് | 500000 രൂപ |
| ബിൽ നമ്പർ | 12/2022-23 - 01.10.2022 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഡി.പി.സി സെക്രട്ടറിയേറ്റ് – ബ്ലോക്ക് വിഹിതം ഇനത്തിൽ 500000 രൂപ 701011400000346 നമ്പർ ട്രഷറി അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നം.14 ന് മറുപടി ലഭ്യമാക്കിയില്ല.വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ പദ്ധതികളുടെ ഭാഗമായി കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം / കൈപ്പറ്റ് രസീത് ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം

| പദ്ധതി | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | Nil | 3260000 | | | - |
| പഞ്ചായത്തു വിഹിതം | 5744355 | | 9004355 | 4368000 | 4636355 |
| ജില്ലാ പഞ്ചായത്തു വിഹിതം | 0 | | - | 7789500 | 0 |

*വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സുലേഖ സ്റ്റേറ്റ്മെന്റിൽ സംയുക്ത പ്രോജക്ടിന്റെ വരവ് ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|
| IAY -ഭവനപദ്ധതി | | | 5950000 | - | 5950000 |
| ഇ.എം.എസ് ഭവനപദ്ധതി | | | 2083078 | - | 2083078 (31.3.2023 വരെയുള്ള പലിശ) |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപ്പടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 6885653 |
| ഓഡിറ്റ് വർഷത്തെ വരവ് | 84873343 |
| ആകെ | 91758996 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 78154236 |
| നീക്കിയിരിപ്പ് | 13604760 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5204112 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായഉദ്യോഗസ്ഥൻ |
|---|---|---|
| | ഇല്ല | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 30,00,000 | ഡോ.മണികണ്ഠൻ.എസ് ,സീനിയർ വെറ്റിനറി സർജൻ, വെറ്റിനറി പോളിക്ലീനിക് ,പാറശ്ശാല. |
| 1-14 | 146949 | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, പാറശാല |

| | | |
|---|---|---|
| 1-16 | 4,45,163 | ശ്രീമതി മാലിനി.എസ്.സാം<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-17 | 1,12,000 | ശ്രീ.സോളമൻ.എസ്,ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി,പാറശ്ശാല. |
| 1-21 | 15,00,000 | ശ്രീ.സോളമൻ.എസ്,ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി,പാറശ്ശാല. |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം .

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരംമേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.സോളമൻ.എസ്<br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി. | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി,പാറശ്ശാല. | സോണി ഭവൻ പറയംവിള,വിരാലി,ഉച്ചക്കട പി.ഒ |
| 2 | ഡോ.മണികണ്ഠൻ.എസ് സീനിയർ വെറ്റിനറി സർജൻ | സീനിയർ വെറ്റിനറി<br>സർജൻ,വെറ്റിനറി പോളിക്ലീനിക് പാറശ്ശാല. | 4-162/A9-സോത്രീനഗർ,പറക്കയ്, നാഗർകോവിൽ-629601,കന്യാകുമാരി ജില്ല. |
| 3 | ശ്രീമതി മാലിനി.എസ്.സാം<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർബ്ലോക്ക് പഞ്ചായത്ത് പാറശ്ശാല. | അനിഴം,റ്റി.സി.14/1257(2), ഒബ്സർവേറ്ററി ലൈൻ,പാളയം വാർഡ്,തിരുവനന്തപുരം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2012-13 | കെ.എസ്.എ.റ്റി.വി.എം /ബി.പി/1836/2022, തീയതി 17.10.2022 | 1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം /ബി.പി/1836/2022, തീയതി 17.10.2022 | 1 |
| 2014-15& 2015-16 | കെ.എസ്.എ.റ്റി.വി.എം /ബി.പി/1836/2022, തീയതി 17.10.2022 | 9 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം /ബി.പി/1836/2022, തീയതി 17.10.2022 | 5 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം /ബി.പി/1836/2022, തീയതി 17.10.2022 | 3 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം /ബി.പി/68/2020, തീയതി 17.2.2020 | 26 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം /ബി.പി/303/2022, തീയതി 5.03.2022 | 30 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം /ബി.പി/772/2022, തീയതി 7.06.2022 | 32 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം /ബി.പി/425/2023, തീയതി | 23 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം.

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number IV(1) dated 16-05-2023 and submitted on 17-05-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Parassala Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Parassala Block Panchayat for the year 2022-2023

Date: 16/10/2023

Joint Director
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Parassala Block Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1.Mandatory financial statements like Ratios, Notes to Accounts are not submitted for audit.

2. Net increase/decrease in cashflow not matching with the difference between the opening and closing balance of cash and cash equivalents.

3. Depreciation statement not submitted for audit.

4.Valuation of stock has not been taken and entered in B-14 schedule.

5. Closing Balance of CFC Tied & Untied doesnot match with that of actual and AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്